# KERALA POLICE INFORMATION CENTRE

**No.** 16/PR/PIC/PHQ/10 **Date :16/02/10**

## സാധാരണ ട്രാഫിക് കുറ്റകൃത്യങ്ങൾക്ക് ഈടാക്കുന്ന ഫൈൻ നിരക്കുകൾ

പോലീസുദ്യോഗസ്ഥർ വാഹന പരിശോധന നടത്തി, ചട്ടം ലംഘിക്കുന്നവർക്കെതിരെ നടപടി എടുക്കുമ്പോൾ പൊതുജനങ്ങൾക്ക് മൂന്നുമാർഗ്ഗങ്ങളാണുള്ളത്. താൻ കുറ്റം ചെയ്തുവെന്ന് പരിപൂർണ്ണബോദ്ധ്യം ഉണ്ടാവുകയും ഫൈൻ അടയ്ക്കാൻ സന്നദ്ധനുമാണെങ്കിൽ പോലീസ് ഉദ്യോഗസ്ഥൻ ചുമത്തുന്ന ഫൈൻ അടച്ച് രസീത് വാങ്ങാവുന്നതാണ്. എന്നാൽ അപ്രകാരം ബോദ്ധ്യപ്പെടാത്ത സാഹചര്യത്തിൽ കോടതി മുഖാന്തിരം പരിഹാരം കാണാമെന്ന് ബോധിപ്പിക്കാവുന്നതും കോടതി നടപടികൾക്ക് വിധേയരാകാവുന്നതുമാണ്. എന്നാൽ മറ്റെന്തെങ്കിലും കാരണം കൊണ്ട് പോലീസ് ചുമത്തുന്ന ഫൈൻ അടയ്ക്കാൻ താല്പര്യമില്ലാത്തവർക്ക് കോടതി വഴി ഫൈൻ അടയ്ക്കാനും അവകാശമുള്ളതാണ്.

സാധാരണ കണ്ടുവരുന്ന ട്രാഫിക് നിയമ ലംഘനങ്ങളായ മൊബൈൽ ഫോൺ ഉപയോഗിയ്ക്കൽ, സീറ്റ് ബെൽറ്റ്, ഹെൽമറ്റ് എന്നിവ ധരിക്കാതിരിക്കൽ, ഹെഡ്ലൈറ്റ് ഡിം ചെയ്യാതിരിക്കൽ, ലൈസൻസ് കൂടാതെ വാഹനമോടിക്കൽ തുടങ്ങിയുള്ള ലംഘനങ്ങൾക്ക് പോലീസ് ചുമത്തുന്ന ഫൈൻ നിരക്കുകളെ സംബന്ധിച്ച് പൊതുജനങ്ങൾക്ക് വ്യക്തത ഉണ്ടാകുന്നതിനായി അവയുടെ ഫൈൻ നിരക്കുകൾ ചുവടെ ചേർക്കുന്നു.

| ക്രമ നമ്പർ | കുറ്റങ്ങൾ | പിഴ |
|---|---|---|
| 1 | അപകടകരമായി വാഹനമോടിക്കൽ (മൊബൈൽ ഫോൺ ഉപയോഗം) | 1000.00 |
| 2. | ഡ്രൈവിംഗ് ലൈസൻസ് ഇല്ലാതെ വാഹനം ഓടിക്കൽ | 500.00 |
| 3. | ഓവർസ്പീഡ് | 400.00 |
| 4. | ഡ്രൈവിംഗ് ലൈസൻസ് കൈവശം വയ്ക്കാതിരിക്കൽ | 100.00 |
| 5. | രജിസ്ട്രേഷൻ സർട്ടിഫിക്കറ്റ് കൈവശം വയ്ക്കാതിരിക്കൽ | 100.00 |
| 6. | ടാക്സ് അടയ്ക്കാതിരിക്കൽ | 100.00 |
| 7. | U-ടേൺ | 100.00 |
| 8. | അനധികൃതപാർക്കിംഗ് | 100.00 |
| 9. | ഹെഡ് ലൈറ്റ് ഡിം ചെയ്യാതിരിക്കൽ | 100.00 |
| 10. | സ്പോട്ട് ലൈറ്റ് ഉപയോഗിക്കൽ | 100.00 |
| 11. | ഹെൽമെറ്റ് ധരിക്കാതിരിക്കൽ | 100.00 |
| 12. | ഇൻഷ്വറൻസ് സർട്ടിഫിക്കറ്റ് സൂക്ഷിക്കാതിരിക്കൽ | 100.00 |
| 13. | ഇരുചക്രവാഹനങ്ങളിൽ രണ്ടുപേരിൽ കൂടുതൽ യാത്രചെയ്യൽ | 100.00 |
| 14. | ഇടതുസൈഡ് ഓവർടേക്കിംഗ് | 100.00 |
| 15. | Oneway ലംഘനം | 100.00 |
| 16. | മഞ്ഞവര ലംഘിക്കൽ | 100.00 |
| 17. | സീറ്റ് ബെൽറ്റ് ധരിക്കാതെ വാഹനം ഓടിക്കൽ | 100.00 |

The contents of this document may be deemed to be based on received information which is subject to further verification